**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 753** **06-12-2022 - ൽ മറുപടിയ്ക്ക്**

**പെരിങ്ങണ്ടൂർ മെഡിക്കൽ കോളേജ് ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | വാടക കെട്ടിടത്തിൽ പ്രവർത്തിച്ച് വരുന്ന വടക്കാഞ്ചേരി മണ്ഡലത്തിലെ പെരിങ്ങണ്ടൂർ മെഡിക്കൽ കോളേജ് ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസിനായി മെഡിക്കൽ കോളേജ് വികസന സമിതിയുടെ 26.10.2019-ലെ തീരുമാന പ്രകാരം വിട്ടു നൽകുന്ന 20 സെന്റ് ഭൂമി ഏറ്റെടുക്കുന്നതിനും പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുമുള്ള പ്രൊപ്പോസലിന്റെ നിലവിലെ സ്ഥിതി വിശദമാക്കുമോ? | (എ) | 26.10.2019 ന് തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ നടന്ന യോഗത്തിൽ കെ.എസ്.ഇ.ബി പെരിങ്ങണ്ടൂർ മെഡിക്കൽ കോളേജ് സെക്ഷൻ ഓഫീസിന് 20 സെന്റ് ഭൂമി അനുവദിച്ച് തരുന്നതിന് സർക്കാരിലേയ്ക്ക് ശുപാർശ ചെയ്യുവാൻ തീരുമാനിച്ചിരുന്നു. എന്നാൽ റവന്യൂ വകുപ്പിന്റെ ഉടമസ്ഥതയിലും, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെ കൈവശാവകാശത്തിലും ഉള്ള 20 സെന്റ് ഭൂമി കെ.എസ്.ഇ.ബി യ്ക്ക് നാളിതുവരെയും വിട്ടുനൽകിയിട്ടില്ല. ഭൂമി അനുവദിച്ച് കിട്ടുന്ന മുറയ്ക്ക് മാത്രമെ പ്രസ്തുത കെട്ടിട നിർമ്മാണവുമായി മുന്നോട്ട് പോകുവാൻ സാധിക്കുകയുള്ളു. |

സെക്ഷൻ ഓഫീസർ